ഭരണഭാഷ മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഇ7/4733/2016/സിഇ/തസ്വഭവ

തീയതി: 20.04.2017

# സർക്കുലർ

വിഷയം:- തസ്വഭവ - 2017-18 സാമ്പത്തിക വർഷത്തിൽ അലോട്ട്മെന്റ് നൽകുന്നത് - സംബന്ധിച്ച്

സൂചന:- ധനകാര്യ വകുപ്പിന്റെ നിർദ്ദേശം

ജില്ലാ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും കൺസോളിഡേറ്റഡ് ശമ്പളത്തിൽ (6000 രൂപ) നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളം ഇനി മുതൽ 2515-00-001-92-Execution-02 Wages -4 Consolidated pay എന്ന ശീർഷകത്തിൽ നിന്നുമാണ് നൽകേണ്ടത്.

ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണം തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ കൺസോളിഡേറ്റഡ് പേയിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു എന്നും അതിന് എത്രത്തോളം തുക ശമ്പളയിനത്തിൽ നൽകുന്നു എന്നതിന്റെ വിവരം നൽകേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരിക്കുന്നു. കൂടാതെ സ്ഥിരനിയമനം മുഖേന ജോലി ചെയ്യുന്ന പാർട്ട് ടൈം ജീവനക്കാരുടെ വിവരവും നൽകുന്നതിനും നിർദ്ദേശിച്ചിരിക്കുന്നു.

1) മേൽ സാഹചര്യത്തിൽ സർക്കാരിന് വിവരങ്ങൾ നൽകുന്നതിലേക്കായി താഴെ സൂചിപ്പിക്കുന്ന പ്രൊഫോർമ പ്രകാരമുള്ള വിവരങ്ങൾ 2 ദിവസത്തിനകം അടിയന്തിരമായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. എല്ലാ ഡി.ഡി.ഒ മാരും പ്രത്യേകം ശ്രദ്ധ പതിപ്പിച്ച് വിവരങ്ങൾ നൽകേണ്ടതാണ്.

| ക്രമ നം. | ജീവനക്കാരന്റെ പേര് | ഓഫീസ് മേൽവിലാസം | പാർട്ട് ടൈം തസ്തികയിൽ സ്ഥിര നിയമനം/കൺസോളിഡേറ്റഡ് പേയിൽ നിയമനം | സ്ഥിര നിയമനമാണെങ്കിൽ സ്ഥിരനിയമനത്തിന്റെ ഉത്തരവും തീയതി, വകുപ്പ്, എന്നുമുതൽ ജോലിയിൽ പ്രവേശിച്ചതിന്റെ വിവരം, അവരുടെ ഇപ്പോഴത്തെ അടിസ്ഥാന ശമ്പളവും, ശമ്പളസ്കെയിലും | കൺസോളിഡേറ്റഡ് പേയിൽ നിയമനം നടത്തിയതാണെങ്കിൽ നിയമന ഉത്തരവും, എന്നു മുതൽ ടി ഓഫീസിൽ ജോലിയിൽ തുടരുന്നു എന്ന വിവരവും | ഒരു വർഷത്തേയ്ക്ക് ആവശ്യമായി വരുന്ന തുക |
|---|---|---|---|---|---|---|
| | | | | | | |

2) ദിവസ വേതനാടിസ്ഥാനത്തിൽ മറ്റ് തസ്തികകളിൽ ജോലി ചെയ്തുവരുന്നവരുടെ വിവരങ്ങൾ (ഡ്രൈവർ മുതലായവർ) അടിയന്തിരമായി നൽകേണ്ടതാണ്. (മുകളിൽ കൊടുത്തിട്ടുള്ള പ്രൊഫോർമ പ്രകാരം)

3) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, ടൂർ റ്റി.എ, എൽ.റ്റി.സി എന്നീ ശീർഷകങ്ങളിൽ അനുവദിക്കേണ്ടതായ തുകയുടെ വിവരങ്ങൾ ഡിവിഷൻ / സബ്ഡിവിഷൻ രീതിയിൽ നൽകേണ്ടതാണ്.

ടി വിവരങ്ങൾ ലഭ്യമാക്കിയാൽ മാത്രമേ 2017-18 വർഷത്തെ സാമ്പത്തികവർഷത്തെ അലോട്ട്മെന്റ് നൽകാൻ സാധിക്കൂ എന്ന വിവരം എല്ലാ ഡി.ഡി.ഒ-മാരെയും അറിയിക്കുന്നു.

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

പകർപ്പ് : 1) എല്ലാ ജില്ലകളിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും